പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2417 — 12/03/2020 ൽ മറുപടിക്ക്

**മൃഗചികിത്സാ സേവനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യൂ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.കാരാട്ട് റസാഖ്** | **അഡ്വ .കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| (എ) | ക്ഷീരമേഖലയിൽ ഈ സർക്കാർ നടത്തിയ കാര്യക്ഷമമായ ഇടപെടലിന്റെ ഭാഗമായി ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുവാനും ഇപ്പോഴുള്ളവരെ നിലനിർത്തുവാനും അനിവാര്യമായ മൃഗചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>1. രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി 105 ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചു<br>2. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി ആരംഭിച്ചു<br>3. കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്തിലെ തടിക്കാട് കേന്ദ്രീകരിച്ച് പുതിയ മൃഗാശുപത്രി ആരംഭിച്ചു.<br>4. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.<br>5. സഞ്ചരിക്കുന്ന 2 ടെലിവെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് GO(Rt) No.521/2019/P&EA, തീയതി 06/12/2019 പ്രകാരം റീ ബിൽഡ് കേരളാ പദ്ധതിയുടെ കീഴിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടുകൂടി സഞ്ചരിക്കുന്ന മൃഗ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.<br>6. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 3 ജില്ലകളിൽ മൊബൈൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് G.O (MS) No.112/2019/AD തീയതി 31/08/2019 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | രാത്രിയിലുൾപ്പെടെ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്നതിന് പദ്ധതിയുണ്ടോയെന്ന് | (ബി) | ഉണ്ട്. രാത്രിയിലുൾപ്പെടെ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്നതിന് നിലവിൽ കേരളത്തിലെ 105 ബ്ലോക്കുകളിൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനപദ്ധതി നടപ്പിലാക്കി വരുന്നു. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | സേവനം ലഭിക്കുക. ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | കന്നുകാലി രോഗ നിയന്ത്രണം ഫലപ്രദമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള രോഗനിർണ്ണയ സംവിധാനങ്ങളും രോഗപ്രതിരോധ പരിപാടികളെക്കുറിച്ചും അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ സാംക്രമിക ജന്തുരോഗങ്ങൾ മൂലമുള്ള കെടുതികളും സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് രോഗബാധാ നിരീക്ഷണം, രോഗനിയന്ത്രണം, രോഗപ്രതിരോധം എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് വേണ്ടി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ പ്രത്യേകമായി രൂപം കൊടുത്ത വിഭാഗമാണ് സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി. മൃഗസംരക്ഷണ വകുപ്പിലെ പ്രവർത്തന ബാഹുല്യം മൂലം അടിയന്തിര പ്രാധാന്യമുള്ളതും സമയബന്ധിതമായി ചെയ്യേണ്ടതുമായ രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സവും താമസവും നേരിടാതിരിക്കുന്നതിനായി ഒരു പ്രോജക്ട് മാതൃകയിൽ പ്രവർത്തിക്കുന്നതിന് വേണ്ടി 2004 ൽ രൂപീകൃതമായ ഈ പ്രോജക്ട് പ്രധാനമായും കുളമ്പ് രോഗബാധ നിയന്ത്രിക്കുകയും അതു വഴിയുള്ള വൻ സാമ്പത്തിക നഷ്ടം ഒഴിവാക്കിക്കൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രഥമ ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി സർക്കാർ ഉത്തരവ് GO(Rt) No.789/2004/AD പ്രകാരം അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി ഒരു പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അഞ്ച് വർഷത്തേക്ക് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡുമായി GO(P) No.176/04/AD dtd 24/08/2004 പ്രകാരം ഒരു ധാരണാപത്രം ഒപ്പിടുകയും 34.18 കോടി രൂപ ചെലവിൽ ഗോരക്ഷ എന്ന പേരിൽ ദേശീയ കുളമ്പുരോഗ നിയന്ത്രണപദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയും ചെയ്തു. അഞ്ച് വർഷത്തെ ധാരണാപത്ര കാലയളവിന് ശേഷം പ്രോജക്ട് സംസ്ഥാന സർക്കാർ തന്നെ തുടരുന്നതിന് തീരുമാനിക്കുകയും GO(Rt) No.1359/2009/AD dtd.04/08/2009 പ്രകാരം പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും ചെയ്തു.<br><br>സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി മുഖേന താഴെപ്പറയുന്ന കേന്ദ്രപദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി<br>• ദേശീയ കുളമ്പുരോഗ നിയന്ത്രണ പദ്ധതി<br>• ദേശീയ ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതി<br>2. ആട്ടുവസന്ത നിയന്ത്രണ പദ്ധതി<br>3. ജന്തുരോഗ നിയന്ത്രണ സംസ്ഥാന സഹായ പദ്ധതി (ASCAD)<br>4. ദേശീയ ജന്തുരോഗ വിവര ശേഖരണ പദ്ധതി(NADRS)<br><br>സംസ്ഥാന പദ്ധതിയായ പേവിഷ വിമുക്ത കേരളം (RFKVC) എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>**<u>പ്രധാന പ്രവർത്തനങ്ങൾ</u>**<br>1. കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പും നിയന്ത്രണവും |

| | | | |
|---|---|---|---|
| | | | 2. മറ്റ് പകർച്ചവ്യാധികളുടെ പ്രതിരോധ കുത്തിവെയ്പ്പും നിയന്ത്രണവും<br>3. പേവിഷബാധ നിയന്ത്രണം<br>4. പക്ഷിരോഗങ്ങളുടെ പ്രതിരോധ കുത്തിവെയ്പ്പും നിയന്ത്രണവും<br>5. മേൽപ്പറഞ്ഞ വിവിധതരം രോഗപ്രതിരോധ പദ്ധതികളുമായും സാംക്രമിക രോഗബാധകളുമായും ബന്ധപ്പെട്ടുള്ള വിജ്ഞാന വ്യാപനവും ബോധവൽക്കരണ പരിപാടികളും<br>6. മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യരോഗങ്ങളുടെ (പക്ഷിപ്പനി, കുരങ്ങുപനി,ബ്രൂസല്ലോസിസ്,നിപാ വൈറൽ പനി തുടങ്ങിയവ) നിരീക്ഷണവും കൂടുതൽ നടപടികളും<br>7. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് സംബന്ധിച്ച നിരീക്ഷണവും നിയന്ത്രണവും<br>8. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ രോഗനിയന്ത്രണവും കരുതൽ നടപടികളും<br>9. മൃഗസംരക്ഷണ വകുപ്പ് ചുമതലപ്പെടുത്തുന്ന മറ്റ് പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും<br>10. രോഗനിയന്ത്രണത്തിന് ആവശ്യമായ വാക്സിനുകളുടെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും വാങ്ങലും വിതരണവും<br>11. കേന്ദ്രസർക്കാരിന്റെ വിവിധ രോഗനിയന്ത്രണ/ രോഗനിരീക്ഷണ പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും<br>12. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ സർക്കാർ പ്രഖ്യാപിക്കുന്ന കർഷക ധനസഹായത്തിന്റെ വിതരണവും മേൽനോട്ടവും<br>13. എല്ലാത്തരം രോഗപ്രതിരോധ നിയന്ത്രണ പദ്ധതികളുടെയും തത്സമയ ഓൺലൈൻ നിരീക്ഷണവും സ്ഥിതിഗതികൾ വിലയിരുത്തി അപ്പപ്പോഴുള്ള നിർദ്ദേശങ്ങൾ നൽകലും<br>14. സംസ്ഥാനാന്തര അതിർത്തികളിലൂടെയുള്ള മൃഗങ്ങളുടെ വരവുപോക്ക് നിരീക്ഷണവും രോഗപ്രതിരോധ നടപടികൾ സ്വീകരിക്കലും<br>15. 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്റ്റേറ്റ് അനിമൽ ഡിസീസ് എമർജൻസി കൺട്രോൾ യൂണിറ്റ് മുഖേന നിരന്തര സാംക്രമിക രോഗനിരീക്ഷണവും പൊതുജന സംശയ നിവാരണവും<br>NADCP മുഖേനയുള്ള ഒന്നാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് കേരളത്തിൽ 27/02/2020 മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ